# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

225(*712) അയൽക്കൂട്ടങ്ങൾ സംഭരിക്കുന്ന ലഘുനിക്ഷേപം

തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) നൽകിയ മറുപടിയിൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കൊച്ചുകൊച്ചു സമ്പാദ്യങ്ങൾ സ്വരൂപിക്കുന്നതിനും പെട്ടെന്നുള്ള ആവശ്യങ്ങൾക്ക് ഈ ലഘുനിക്ഷേപങ്ങളിൽനിന്നും വായ്പ നൽകുന്നതിനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ അവസരം ഒരുക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആഴ്ചതോറും കൂടുന്ന അയൽക്കൂട്ട യോഗങ്ങളിൽവച്ചാണ് ഈ ലഘുനിക്ഷേപങ്ങൾ സ്വീകരിക്കുന്നത്. അയൽക്കൂട്ടത്തിലെ അംഗങ്ങൾക്കും, അയൽക്കൂട്ട അംഗമായി ആറു മാസമെങ്കിലും പൂർത്തിയാക്കിയിട്ടുള്ളവർക്കും, അംഗങ്ങളുടെ ഉപഭോഗ ആവശ്യങ്ങൾ(ഭക്ഷണം, വസ്ത്രം മുതലായവ), ആകസ്മികാവശ്യങ്ങൾ(ചികിൽസ, മരണം, അപകടം), ആഘോഷസംബന്ധമായ ആവശ്യങ്ങൾ, മുൻ കടം വീട്ടൽ, വരുമാനദായക പ്രവർത്തനങ്ങൾ എന്നീ ആവശ്യങ്ങൾ അയൽക്കൂട്ടാംഗങ്ങൾ ചർച്ച ചെയ്ത് ആവശ്യങ്ങളുടെ സ്വഭാവമനുസരിച്ച് മുൻഗണനാക്രമത്തിൽ വായ്പ അനുവദിക്കുന്നു. വായ്പയ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും വായ്പ തുക, പലിശ, വായ്പ തവണകൾ എന്നിവ തീരുമാനിക്കുന്നതും അയൽക്കൂട്ടമാണ്. അംഗങ്ങളുടെ നിക്ഷേപങ്ങളുടെ മൂന്നു മടങ്ങുവരെ അയൽക്കൂട്ടങ്ങളിൽ നിന്നും വായ്പ നൽകാവുന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പുറമേ ക്ലേശമനുഭവിക്കുന്ന മറ്റു വിഭാഗങ്ങളെക്കൂടി പ്രോൽസാഹിപ്പിക്കുന്ന സമീപനം ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ഉറപ്പുള്ള തറയും സ്ഥിരമായ മേൽക്കൂരയില്ലാത്തതുമായ കുടുംബം, വീട്ടിൽ നിന്നും 150 മീറ്റർ അടുത്തെങ്കിലും ശുദ്ധജലം ലഭ്യമല്ലാത്ത കുടുംബം, സാനിട്ടറി, ടോയിലറ്റ് സൗകര്യങ്ങളില്ലാത്ത കുടുംബം, ആരും തൊഴിൽ ചെയ്യാൻ ഇല്ലാത്ത കുടുംബം, രണ്ടു നേരം മതിയായ ആഹാരം കഴിക്കാനില്ലാത്ത കുടുംബം, അഞ്ചു വയസ്സിനുതാഴെ കുട്ടികളുള്ള കുടുംബം, പ്രായപൂർത്തിയായ ഒരാളെങ്കിലും നിരക്ഷരനോ നിരക്ഷരയോ ആയ കുടുംബം, മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെട്ട ആരെങ്കിലുമുള്ള

കുടുംബം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബം ഇതിലേതെങ്കിലും നാലു ഘടകങ്ങളിൽ അനുകൂലമായ പരിതസ്ഥിതിയുണ്ടെങ്കിൽ അവരെ സഹായിക്കാനുള്ള ബൃഹത്തായ പദ്ധതിയാണ് ഇത്. 1994-ൽ മലപ്പുറം ജില്ലയിലെ 100 പഞ്ചായത്തുകളിലാണ് ഈ പദ്ധതി ആദ്യമായി ആരംഭിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 261 പഞ്ചായത്തുകളിൽ മാത്രമായി നടപ്പിലാക്കിവന്ന ഈ പദ്ധതി 991 പഞ്ചായത്തുകളിലേയ്ക്കും 58 നഗരസഭകളിലേയ്ക്കുമായി വ്യാപിപ്പിക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. ഈ പദ്ധതിക്ക് വിദേശ സഹായം ലഭ്യമാക്കുന്നതിനും അതിന്റെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് എം.എൽ.എ.മാരുടെ പങ്കാളിത്തം അനിവാര്യമാണ്. പല എം.എൽ.എ.മാരും മുൻകൈയെടുത്ത് പ്രവർത്തിക്കുന്നതിനാൽ പല പഞ്ചായത്തുകളിലും ഈ പദ്ധതിയുടെ പ്രവർത്തനം ലക്ഷ്യമിട്ടതിനേക്കാൾ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. വരുന്ന പത്തു വർഷങ്ങൾക്കുള്ളിൽ ദാരിദ്ര്യ നിർമ്മാർജ്ജനം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

226(*713) <u>ചേരിനിവാസികളുടെ പാർപ്പിട പ്രശ്നം</u>

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നഗരങ്ങളിലെ ചേരിപ്രദേശങ്ങളിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ ചേരി വികസന പരിപാടി(എൻ.എസ്.ഡി.പി.) പ്രകാരം ലഭിക്കുന്ന തുകയുടെ 30 ശതമാനം ചേരിനിവാസികളുടെ പാർപ്പിട നിർമ്മാണത്തിനായാണ് ഉപയോഗിക്കുന്നത്. ഇതനുസരിച്ച് 23,267 വീടുകൾ വിവിധ പട്ടണങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ ചേരി നിവാസികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര സർക്കാർ 2001-2002 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് വാത്മീകി-അംബേദ്കർ ആവാസ് യോജന. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന സാമ്പത്തിക അനുപാതത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി, പുനലൂർ എന്നീ നഗരസഭകൾക്കായി 1330 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ രണ്ടു പദ്ധതികൾക്കുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയ്ക്കും പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അവയുടെ ആകെ പദ്ധതിവിഹിതത്തിന്റെ 10 ശതമാനമെങ്കിലും പുറമ്പോക്ക് നിവാസികളുടെ പുനരധിവാസമുൾപ്പെടെയുള്ള ചേരി വികസന പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്ന് 10-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചേരികളെക്കുറിച്ച് 1995-96-ൽ നഗരാസൂത്രണ വകുപ്പ് ഒരു സർവ്വേ നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വീടില്ലാത്ത ചേരിനിവാസി കുടുംബങ്ങൾ എത്രയുണ്ടെന്നതിന് വ്യക്തമായ കണക്കുകളില്ല. ദേശീയ ചേരി വികസന പരിപാടി പ്രകാരം ഇതുവരെ 48.14 കോടി രൂപയും വാല്മീകി അംബേദ്കർ ആവാസ് യോജന പ്രകാരം 2.66 കോടി രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് 3415 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 8148 വീടുകൾ നിർമ്മിക്കുന്നതിന് 32.5 കോടി രൂപ ചെലവു വരുന്ന മറ്റൊരു പദ്ധതി അംഗീകാരത്തിനായി കേന്ദ്ര ഗവണ്മെൻറിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര

ഗവണ്മെന്റിൽനിന്നും ലഭിക്കേണ്ട തുകയൊന്നും ലാപ്സായിട്ടില്ല. രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളുടെ തദ്ദേശ തലത്തിലുള്ള നടത്തിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാമൂഹികാധിഷ്ഠിത സംഘടനാ സംവിധാന (കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി) ത്തിലൂടെയാണ്. ഈ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര ഗവണ്മെന്റിൽനിന്നും ലഭിക്കേണ്ട മുഴുവൻ തുകയും ലഭിച്ചിട്ടുണ്ട്. ചേരിനിർമ്മാർജ്ജനത്തിന്റെ ഭാഗമായി തിരുവനന്തപുരത്തെ ചെങ്കൽച്ചൂള കോളനിയിൽ 1990-ൽ വിതരണം ചെയ്ത 528 വീടുകൾക്കു പുറമേ 88 വീടുകളുടെ വിതരണം ഉടനെ പൂർത്തീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

227 (*714) <u>ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം</u>

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ.പി.ശങ്കരൻ) നൽകിയ മറുപടിയിൽ, ജൈവ വൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗം മുന്നിൽ കണ്ടുകൊണ്ട് വിവിധ ഗവേഷണ പദ്ധതികൾ ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ജൈവവൈവിദ്ധ്യാധിഷ്ഠിത ഗവേഷണങ്ങളിലൂടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുപയോഗിച്ച് നൂതന ഔഷധങ്ങൾ, ന്യൂട്രാബ്യൂട്ടിക്കൽസ്, കോസ്മെറ്റിക്സ്, പെർഫ്യൂംസ്, ഫാർമഫുഡ് വ്യാവസായികാവശ്യ ങ്ങൾക്കുള്ള അടിസ്ഥാന രാസപദാർത്ഥങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും ഇപ്പോൾ നടന്നുവരുന്നു. ഹെർബൽ ടെക്നോളജി വികസിപ്പിച്ചെടുക്കുന്നത് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടാണ്. ഇവിടെ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളുടെ കൈമാറ്റം കേന്ദ്ര ശാസ്ത്ര സാങ്കേതിക ഗവേഷണ കൗൺസിലിൽ നിലവിലുള്ള നടപടിക്രമം അനുസരിച്ചാണ്. ഇതിനകം രണ്ട് സസ്യാധിഷ്ഠിത ഔഷധങ്ങളുടെ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്തിട്ടുണ്ട്. ജീവനി എന്ന സസ്യ ഔഷധത്തിന്റെ ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി കോയമ്പത്തൂർ ആര്യവൈദ്യ ശാലയ്ക്കും സിസൈറോസ്പ് എന്ന ഔഷധത്തിന്റെ സാങ്കേതിക വിദ്യ മധ്യപ്രദേശിലെ ജാവർ കെമിക്കൽസ് എന്ന കമ്പനിക്കും കൈമാറിയിട്ടുണ്ട്. ഇതിൽ ജീവനി എന്ന ഔഷധത്തിന്റെ കൈമാറ്റത്തിന് 10 ലക്ഷം രൂപ ലൈസൻസ് ഫീയായും വിറ്റുവരവിന്റെ രണ്ടു ശതമാനം റോയൽറ്റിയായും സിസൈറോസ്പ് എന്ന ഔഷധത്തിന്റ കൈമാറ്റത്തിന് 5 ലക്ഷം രൂപ ലൈസൻസ് ഫീയായും വാർഷിക വിറ്റുവരവിന്റെ രണ്ടര ശതമാനം റോയൽറ്റിയായും ലഭിക്കുന്നു. കൂടാതെ നാട്ടറിവുകളും ജൈവവൈവിധ്യവും ആയുർവേദവും നൂതന സാങ്കേതിക വിദ്യകളും സംയോജിപ്പിച്ചുകൊണ്ട് എല്ലാവർക്കും ഔഷധസസ്യങ്ങൾ, എല്ലാവർക്കും ആരോഗ്യം എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1994-1997 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ നാല് ഗ്രാമങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യ സംരക്ഷണത്തിന് ഗൃഹൗഷധികളായി ഉപയോഗിക്കുവാൻ പറ്റിയ ഔഷധങ്ങൾ സ്വയം ഉല്പാദിപ്പിക്കുന്നതിനുള്ള പരിശീലനം തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ നിന്നും വരുന്നവർക്ക് നൽകുന്നുണ്ട്. ഔഷധസസ്യങ്ങളുടെ സംരക്ഷണം, കൃഷി, വിളവെടുപ്പ്, വിള സംസ്കരണം എന്നീ കാര്യങ്ങളിലും പരിശീലനം നൽകുന്നുണ്ട്. കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ ഔഷധ സുഗന്ധ സസ്യസംരക്ഷണവും സുസ്ഥിര ഉപയോഗവും എന്ന പദ്ധതി കോട്ടൂരിലെ 8 കാണി ഊരുകളിലും അച്ചൻകോവിലിലെ

മലപ്പണ്ടാരകോളനിയിലും കഴിഞ്ഞ ഒന്നര വർഷമായി നടത്തിവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്ന ഈ പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയശേഷം മറ്റ് ആദിവാസി കേന്ദ്രങ്ങളിലേക്കും ഈ പരിപാടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. വ്യാവസായിക–കാർഷിക നയവുമായി ബന്ധിപ്പിക്കുന്നതിനുതകുന്ന ബയോടെക്നോളജി ബോർഡോ മിഷനോ രൂപീകരിക്കുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിക്കുന്നതാണ്. പശ്ചിമഘട്ടത്തിൽ കണ്ടുവരുന്ന വിവിധയിനം കുമിളുകളിൽ ഭക്ഷണയോഗ്യമായവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനും ഔഷധമൂല്യമുള്ള കുമിളുകളെ പഠനവിധേയമാക്കുന്നതിനുമുള്ള പദ്ധതി നിലവിലുണ്ട്. കണ്ണൂർ ജില്ലയിൽ 100 ഏക്കർ സ്ഥലത്ത് ഔഷധി വകുപ്പ് വച്ചുപിടിപ്പിക്കുന്ന ഔഷധത്തോട്ടത്തിന്റെ പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്. സിദ്ധ ചികിൽസാ സമ്പ്രദായത്തിൽപെടുന്ന മരുന്നുകൾ വികസിപ്പിച്ചെടുക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

228 (*715) <u>കുടുംബശ്രീ പദ്ധതി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തുകൾ</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി വ്യാപിപ്പിച്ചുകഴിഞ്ഞതായി സഭയെ അറിയിച്ചു. ഈ പദ്ധതിയുടെ പരിധിയിൽ രൂപം കൊള്ളുന്ന അയൽക്കൂട്ടങ്ങളിൽ ദരിദ്രരായ കുടുംബങ്ങളെ മുഴുവൻ ഉൾപ്പെടുത്തുക എന്ന് ലക്ഷ്യമാക്കിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ വർഷം കിട്ടിയതിനെക്കാൾ കൂടുതൽ തുക ഈ വർഷം പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും അടുത്തവർഷം ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതാണെന്നും ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

229 (*729) <u>ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ആരോഗ്യ വകുപ്പു ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 14 ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരും 60 സർക്കിൾ ഫുഡ് ഇൻസ്പെക്ടർമാരും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിച്ചു. ഫുഡ് അതോറിറ്റിയുടെ പരോക്ഷമായ നിയന്ത്രണത്തിൽ മുനിസിപ്പൽ കോർപ്പറേഷൻ അധികാര പരിധിയിൽ 32 ഫുഡ് ഇൻസ്പെക്ടർമാരും സേവനമനുഷ്ഠിക്കുന്നുണ്ട്. ഫുഡ് ഇൻസ്പെക്ടർമാർ നിയമാനുസരണം ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കാനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികളും ശബരിമലയിലെ വഴിപാടും ഹോസ്പിറ്റൽ ആഹാരസാധനങ്ങളുടെ ഗുണനിലവാരവും പരിശോധിക്കാനായി പത്തനംതിട്ടയിൽ ഒരു ലാബും പ്രവർത്തിച്ചുവരുന്നു.

230 (*733) <u>ദേശീയഹരിതസേനാ പരിപാടി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, പരിസ്ഥിതിയേയും പരിസ്ഥിതി സംബന്ധിയായ പ്രശ്നങ്ങളേയും കുറിച്ച് കുട്ടികളിൽ അറിവുണ്ടാക്കുക, വിദ്യാർത്ഥികളായ കുട്ടികൾക്ക് പരിസ്ഥിതി വിദ്യാഭ്യാസ സാഹചര്യങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള കുട്ടികളെ ബോധവൽക്കരിക്കുന്നതിനുള്ള അതുല്യ വിനിമയ പന്ഥാക്കളായി ഉപയോഗപ്പെടുത്തിക്കൊണ്ട് സമൂഹത്തിലൊട്ടാകെ പരിസ്ഥിതി ബോധവൽക്കരണം നടപ്പാക്കുക പരിസ്ഥിതി-വികസന സംബന്ധിയായ മേഖലകളിൽ തീരുമാനങ്ങളെടുക്കാൻ ഉതകുംവിധം കുട്ടികളുടെ പങ്കാളിത്തം സുഗമമാക്കുക, അവർ ജീവിക്കുന്ന സമൂഹത്തെ അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുംവിധം കുട്ടികളെ നയിക്കുകയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടി അവരുടെ ചിന്താസരണി തിരിച്ചുവിടുകയും ചെയ്യുക, അവരുടെ ചുറ്റുപാടുമുള്ള പരിസ്ഥിതിയെ സംബന്ധിക്കുന്ന കർമ്മ പദ്ധതികളിൽ അവരെക്കൂടി ഉൾപ്പെടുത്തുക എന്നിവയാണ് കേന്ദ്ര വനം-പരിസ്ഥിതി കാര്യ മന്ത്രാലയത്തിന്റെ ദേശീയഹരിതസേനാ പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്ന് അറിയിച്ചു. ദേശീയ ഹരിതസേനയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായി സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിനെ നിയോഗിച്ചിട്ടുണ്ട്. പരിസ്ഥിതി വിഭാഗം പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാന കമ്മിറ്റിയും പതിനാല് ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും രണ്ടുപേരെ വീതം മാസ്റ്റർ ട്രെയിനികളായി തെരഞ്ഞെടുത്ത് മൂന്ന് ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. പതിനാല് ജില്ലകളിൽ ഓരോന്നിലും കഴിയുന്നതും നൂറ് സ്ക്കൂളുകളെ ഉൾപ്പെടുത്തി ഇക്കോ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും രണ്ട് ദിവസം വീതമുള്ള ടീച്ചർ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ഇക്കോ ക്ലബ്ബുകൾക്കും ആദ്യഗഡു സാമ്പത്തിക സഹായവും പരിശീലനത്തിനായുള്ള സാമഗ്രികളും വിതരണം ചെയ്തിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്ക്കൂളുകൾക്കും സർട്ടിഫിക്കറ്റ്, ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബിനും അദ്ധ്യാപകനും അവാർഡ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് വേണ്ടി വരുന്ന ചെലവ് കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

203 (4552) <u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം വർദ്ധിപ്പിക്കൽ</u>

2001-2002 -ൽ എസ്.ജി.എസ്.വൈ. പ്രകാരം 1039.64 ലക്ഷം രൂപയും ഐ.എ.വൈ. പ്രകാരം 3467.56 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. ഇതിൽ എസ്.ജി.എസ്.വൈ.യുടെ സംസ്ഥാന വിഹിതം 346.53 ലക്ഷം രൂപയും ഐ.എ.വൈ. യുടേത് 1260.18 ലക്ഷം രൂപയുമായിരുന്നു. ഇതിൽ എസ്.ജി.എസ്.വൈ.യിൽ 1998.68 ലക്ഷം രൂപയും ഐ.എ.വൈ.യിൽ 4618.14 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്..

*29-7-2002-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം

204 (686) <u>സ്വാശ്രയ മേഖലയിൽ ആരംഭിച്ച സാങ്കേതിക കോളേജുകൾ</u>

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിൽ അനുമതി നൽകിയ 65 സാങ്കേതിക കോളേജുകളിൽ 12 എൻജിനീയറിംഗ് കോളേജുകളും 14 എം.ബി.എ. സ്ഥാപനങ്ങളും 2001–2002–ൽ പ്രവർത്തനം ആരംഭിച്ചു. 2002–2003 അധ്യയന വർഷം അനുമതി നൽകിയ 23 എൻജിനീയറിംഗ് കോളേജുകളും 11 എം.സി.എ., 5 എം.ബി.എ. സ്ഥാപനങ്ങളും ഈ അധ്യയനവർഷം ആരംഭിക്കുന്നതാണ്. ഇതിന്റെ ഫലമായി എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന് 7650 സീറ്റും എം.ബി.എ.യ്ക്ക് 300 സീറ്റും എം.സി.എ.യ്ക്ക് 1305 സീറ്റും വർദ്ധിച്ചു.

*29–7–2002–ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം

205 (4295) റവന്യൂ റിക്കവറി ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക

2002–2003 സാമ്പത്തികവർഷത്തിൽ ജൂൺ മാസത്തെ മുതൽപിരിവ് ബാക്കിപട്ടിക അനുസരിച്ച് ജൂൺ 30 വരെ സർക്കാർ കുടിശ്ശിക ഇനത്തിൽ 14.10 കോടി രൂപയും സർക്കാർ ഇതര കുടിശ്ശിക ഇനത്തിൽ 12.05 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ കുടിശ്ശിക ഇനത്തിൽ 22517 കേസുകളും സർക്കാർ ഇതര കുടിശ്ശിക ഇനത്തിൽ 59362 കേസുകളും നിലവിലുണ്ട്.

(29–7–2002–ൽ ചോദ്യോത്തരസമയം ഇല്ലാതിരുന്നതിനാൽ അന്നേയ്ക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.)

.........